(ബി) ബാറുകൾ നിർത്തലാക്കുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെയും മദ്യാസക്തിക്കടിമപ്പെട്ടവരേയും പുനരധിവസിപ്പിക്കുന്നതിന് "പുനർജനി 2030" പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ബി.സി. വിൽപ്പന നടത്തുന്ന മദ്യത്തിന്റെ വിൽപ്പന നികുതിയിന്മേൽ 5% സെസ് ഏർപ്പെടുത്തുന്നതിനും, പൂട്ടുന്ന ബാറുകളിലെ തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെയും മറ്റും പുനരധിവസിപ്പിക്കുന്നതിനുള്ള 2 പദ്ധതികൾക്കുംവേണ്ടി കേരളാ ആൾക്കഹോൾ എഡ്യൂക്കേഷൻ റിസർച്ച് റീഹാബിലിറ്റേഷൻ കോമ്പൻസേഷൻ ഫണ്ട് രൂപീകരിക്കുന്നതിനും, മേൽപ്പറഞ്ഞ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനും "പുനർജനി 2030" രൂപകൽപ്പന ചെയ്യുന്നതിനുമുള്ള നടപടികൾക്കായി എക്സൈസ് കമ്മീഷണർ ചെയർമാനായി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. "പുനർജനി 2030" പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

ബാർ ലൈസൻസുള്ള ഹോട്ടലുകൾ

99 (100) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ബാർ ലൈസൻസുള്ള ഹോട്ടലുകൾ എത്ര ; ഹോട്ടലുകളുടെ സ്റ്റാർ പദവിയുടെ അടിസ്ഥാനത്തിലുള്ള കൃത്യമായ എണ്ണം നല്കാമോ ; ഇവയിൽ ഉൾപ്പെടാത്തവ എത്ര ;

(ബി) ഫൈവ് സ്റ്റാർ പദവിയിലുള്ള എത്ര ഹോട്ടലുകൾ പുതുതായി ബാർ ലൈസൻസിനായി അപേക്ഷ നൽകിയിട്ടുണ്ട് ; അല്ലാത്ത അപേക്ഷകൾ മൊത്തം എത്ര ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ ബാർ ലൈസൻസുള്ള 312 ഹോട്ടലുകളുണ്ട്.

2 സ്റ്റാർ - 16
3 സ്റ്റാർ - 222
4 സ്റ്റാർ - 33
5 സ്റ്റാർ - 21
ഹെറിറ്റേജ് - 8
ക്ലാസിഫൈഡ് - 4
സ്റ്റാർ പദവി ഇല്ലാത്തത് - 8

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഞ്ച് നക്ഷത്ര പദവിയുള്ള 2 ഹോട്ടലുകൾ പുതുതായി ബാർ ലൈസൻസിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അല്ലാത്ത അപേക്ഷകൾ നിലവിലെ മദ്യനയ പ്രകാരം വിദേശ മദ്യ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിരസിച്ചിട്ടുണ്ട്.

ബാർ ലൈസൻസുമായി ബന്ധപ്പെട്ട പരസ്യ പ്രസ്താവന

100 (101) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ബാർ ലൈസൻസുമായി ബന്ധപ്പെട്ട് കെ.പി.സി.സി പ്രസിഡന്റ്, സംസ്ഥാന അഡ്വക്കേറ്റ് ജനറലിനെതിരെ പരസ്യപ്രസ്താവന നടത്തിയതായി പറയപ്പെടുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്താവനയിലൂടെ ഉന്നയിച്ച ആ ക്ഷേപം സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ; അഡ്വക്കേറ്റ് ജനറൽ ഇക്കാര്യത്തിൽ സർക്കാരിന്റെ വിശദീകരണം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യാതൊരു ആക്ഷേപത്തിനും അടിസ്ഥാനമില്ല.

കഴിഞ്ഞ പത്ത് വർഷത്തിലെ അബ്കാരി നയം

101 (102) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ പത്ത് വർഷത്തിൽ ഓരോ വർഷവും പുതുക്കിയ അബ്കാരി നയം പ്രാബല്യത്തിൽ വന്നത് ഏത് തീയതി മുതലായിരുന്നു ; ഓരോ വർഷവും അബ്കാരി നയം നോട്ടിഫൈ ചെയ്ത തീയതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) യു.ഡി.എഫ്. തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ അവകാശപ്പെട്ട പ്രകാരമാണോ ഈ സർക്കാർ അബ്കാരി നയം പ്രഖ്യാപിച്ചത് ; എങ്കിൽ ആദ്യ വർഷവും രണ്ടാം വർഷവും മൂന്നാം വർഷവും പ്രഖ്യാപിച്ച നയങ്ങൾ എന്തെല്ലാമായിരുന്നു ; നാലാം വർഷത്തെ നയം വർഷാരംഭത്തിൽ തന്നെ പ്രഖ്യാപിക്കാതിരുന്നത് എന്തുകൊണ്ടായിരുന്നു ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly